Draft #10 of File ACAVI/3/RC/5147/2021/ACAD Approved by ASSISTANT REGISTRAR II (ACADEMIC) on 30-Nov-2021 04:23 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഗവേഷണ കേന്ദ്രം-പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തെ ഗവേഷണ കേന്ദ്രമായും,അതെ കോളേജിലെ തന്നെ സുവോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർമാരായ ഡോ.മഞ്ജു എലിസബത്ത് കുരുവിള ,ഡോ .മായാ ജോർജ്( നിലവിൽ കോട്ടയം സി. എം. എസ്. കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗദർശി ) ,ഡോ.സിമിമോൾ സെബാസ്റ്റ്യൻ(നിലവിൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗദർശി ) എന്നിവരുടെ റിസർച്ച് ഗൈഡ്ഷിപ്പ് പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തിലെ ഗവേഷണ കേന്ദ്രത്തിലേക്ക് മാറ്റി നൽകിയും ഉത്തരവാകുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 6528/AC A 6/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 30.11.2021

---

*പരാമർശം:*-1.പാലാ അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ 11.02.2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2.12.08.2021 ലെ സ.ഉ.നം.3949/ACA6 / 2021/ എം.ജി.യു.

3.14.09.2021 തീയതിയിലെ സ.ഉ.നം.4582/ AC A 6 / 2021/ എം.ജി.യു.

4.28.09.2021തീയതിയിലെ ഇൻസ്‌പെക്ഷൻ കമ്മീഷന്റെ റിപ്പോർട്ട്

5.20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടി കുറിപ്പ് ഇനം നം.194/21,05/ACAVI / 3 / RC/ 5147/ 2021

**ഉത്തരവ്**

പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും അതെ കോളേജിലെ തന്നെ സുവോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർമാരായ ഡോ.മഞ്ജു എലിസബത്ത് കുരുവിള ,ഡോ.മായാ ജോർജ് (നിലവിൽ കോട്ടയം സി എം എസ് കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗ്ഗദർശി),ഡോ .സിമിമോൾ സെബാസ്റ്റ്യൻ (നിലവിൽ ചങ്ങനാശ്ശേരി, എസ്.ബി കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗ്ഗദർശി ) എന്നിവരുടെ റിസർച്ച് ഗൈഡ്ഷിപ്പ് പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തിലെ ഗവേഷണ കേന്ദ്രത്തിലേക്ക് മാറ്റുന്നതിനുമായി പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (2),(3 )എന്നീ സർവകലാശാല ഉത്തരവുകൾ പ്രകാരം പ്രസ്തുത വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു ഇൻസ്‌പെക്ഷൻ കമ്മീഷൻ

രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ കോളേജ് സന്ദർശിക്കുകയും രേഖകൾ പരിശോധിക്കുകയും,സൗകര്യങ്ങൾ വിലയിരുത്തുകയും ഗവേഷണ കേന്ദ്രത്തിന് അംഗീകാരം നൽകാമെന്ന് ശുപാർശ ചെയ്തുകൊണ്ട് സൂചന (4 )പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ, ഇൻസ്‌പെക്ഷൻ കമ്മീഷന്റെ റിപ്പോർട്ട് , ശുപാർശ എന്നിവ പരിഗണിക്കുകയും പരാമർശം (5 ) പ്രകാരം താഴെ പറയും വിധം തീരുമാനിക്കുകയും ചെയ്തു.

"മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു കീഴിൽ പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും , ഡോ.മഞ്ജു എലിസബത്ത് കുരുവിള , ഡോ .മായാ ജോർജ്,(നിലവിൽ കോട്ടയം സി.എം. എസ് കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗദർശി) ,ഡോ.സിമിമോൾ സെബാസ്റ്റ്യൻ (നിലവിൽ ചങ്ങനാശ്ശേരി എസ്.ബി കോളേജിലെ സുവോളജി ഗവേഷണ കേന്ദ്രം മാർഗദർശി )എന്നിവരുടെ റിസർച്ച് ഗൈഡ്ഷിപ് പാലാ അൽഫോൻസാ കോളേജിലെ ബിരുദാനന്തര ബിരുദ സുവോളജി വിഭാഗത്തിലെ ഗവേഷണകേന്ദ്രത്തിലേക്ക് മാറ്റുന്നതിനുള്ള അനുവാദം നൽകുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പ്രിൻസിപ്പൽ,അൽഫോൻസാ കോളേജ്,പാലാ
2.ഡോ.മഞ്ജു എലിസബത്ത് കുരുവിള
3.ഡോ.മായാ ജോർജ്
4.ഡോ.സിമിമോൾ സെബാസ്റ്റ്യൻ
5.പ്രിൻസിപ്പൽ,സി.എം.എസ്.കോളേജ്,കോട്ടയം
6.പ്രിൻസിപ്പൽ ,എസ്.ബി.കോളേജ്,ചങ്ങനാശ്ശേരി
7.വൈസ് ചാൻസലർ / പ്രൊ -വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
8 .എസി.എ II / X / XI /XIII / ഇ.ബി.X / ഇ.ബി.XIV സെക്ഷനുകൾ
9 .എ.സി.സി.I സെക്ഷൻ
10 .റെക്കോർഡ് സെക്ഷൻ
11 .സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #10 of File ACAVI/3/RC/5147/2021/ACAD Approved by ASSISTANT REGISTRAR II (ACADEMIC) on 30-Nov-2021 04:23 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം